ഫിഷർമെൻ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ

78 (4686) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഫിഷറീസ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ഫിഷർമെൻ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നല്കി വരുന്നത് ;

(ബി) ഫിഷറീസ് വകുപ്പ് ഈ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ആനുകൂല്യം അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് വിദ്യാലയങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ആനുകൂല്യങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നല്കുന്ന അതേ തോതിൽ ഫിഷറീസ് വകുപ്പ് നല്കി വരുന്നു. കൂടാതെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഹോസ്റ്റൽ സൗകര്യത്തോടുകൂടി 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. വിദ്യാഭ്യാസവും താമസസൗകര്യവും മറ്റും സൗജന്യമാണ്.

മത്സ്യകർഷക വികസന ഏജൻസികൾ

79 (4687) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ഡോ: തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര മത്സ്യ കർഷക വികസന ഏജൻസികൾ (എഫ്.എഫ്.ഡി.എ.) പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇക്കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഈ ഏജൻസികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ വിതരണം ചെയ്യുന്നതിന് സർക്കാർ ഹാച്ചറികളിൽനിന്ന് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാറുണ്ടോ ;

(ഡി) അപ്രകാരം ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ ഏജൻസികളിൽനിന്ന് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങാറുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനകം സ്വകാര്യ ഏജൻസികളിൽനിന്ന് വാങ്ങിയ മത്സ്യക്കുഞ്ഞുങ്ങളുടെ കണക്ക് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ നിയന്ത്രണത്തിലുള്ള ഹാച്ചറികളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly